## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4958

## 30/06/2014-ലെ മറുപടിക്ക്

## പെൻഷൻകാർക്ക് ക്ഷാമബത്താ കുടിശ്ശിക പൂർണ്ണമായി നൽകാൻ നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.കെ.മുരളീധരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു : മുഖ്യമന്ത്രി) |
| എ | സർക്കാർ സർവ്വീസിലെ പെൻഷൻകാർക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചത് സംബന്ധിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| ബി | പ്രായാധിക്യവും രോഗങ്ങളും നിമിത്തം ദുരിതം അനുഭവിക്കുന്ന പെൻഷൻകാർക്ക് അർഹമായ ക്ഷാമബത്ത ഒറ്റത്തവണയായി അനുവദിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | 23.12.2013 -ലെ ജി. ഒ (പി) 630/ 2013/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01.07.2013 പ്രാബല്യത്തിൽ അനുവദിച്ച 10 % ക്ഷാമാശ്വാസത്തിന്റെ കുടിശ്ശിക നാല് ഗഡുക്കളായി അനുവദിക്കാനാണ് ഉത്തരവായിരുന്നത്. ആദ്യ രണ്ട് ഗഡുക്കൾ 2014 ഫെബ്രുവരി, 2014 മെയ് എന്നീ മാസങ്ങളിലെ പെൻഷൻ തുകയ്ക്കൊപ്പം വിതരണം ചെയ്തു. എന്നാൽ പെൻഷൻ കുടിശ്ശിക ഒറ്റത്തവണയയായി നൽകണമെന്ന് ആവശ്യമുന്നയിച്ച് നിരവധി അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 24.05.2014 - ലെ ജി.ഒ. (പി) നമ്പർ 189/2014/ധന സർക്കാർ |

| | | |
|---|---|---|
| | | ഉത്തരവ് പ്രകാരം പെൻഷൻ കുടിശ്ശികയുടെ ശേഷിച്ച രണ്ട് ഗഡുക്കളും ഒറ്റത്തവണയായി 2014 ജൂൺ മാസത്തെ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതിന് ഉത്തരവായിരുന്നു. കൂടാതെ 16.06.2014-ലെ ജി. ഒ.(പി) നമ്പർ 221/2014/ധന സർക്കാർ ഉത്തരവ് പ്രകാരം, 01.01.2014 പ്രാബല്യത്തിൽ അനുവദിച്ച 10% ക്ഷാമാശ്വാസത്തിന്റെ കുടിശ്ശിക 2014 ആഗസ്റ്റ് മാസത്തെ പെൻഷനോടൊപ്പം ഒറ്റത്തവണയായി വിതരണം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. |

Jayamohan. N

**സെക്ഷൻ ഓഫീസർ**